# കേരള സർവകലാശാല

നം.പി.ആർ.199/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 1 മുതൽ ശ്രീ.സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ആഗസ്റ്റിൽ നടത്തിയ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം/ബി.എച്ച്.എം.സി.റ്റി) പരീക്ഷയുടെ നാല്, ആറ് സെമസ്റ്റർ പ്രാക്ടിക്കൽ സെപ്റ്റംബർ 25 മുതലും രണ്ടാം സെമസ്റ്റർ പ്രാക്ടിക്കൽ സെപ്റ്റംബർ 30 മുതലും ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

നാലാം സെമസ്റ്റർ ത്രിവത്സര (യൂണിറ്ററി) എൽ.എൽ.ബി പരീക്ഷകൾ സെപ്റ്റംബർ 24 ൽ നിന്നും സെപ്റ്റംബർ 30 ലേക്ക് മാറ്റിയിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2019 ഫെബ്രുവരിയിൽ നടത്തിയ ബി.ടെക് സപ്ലിമെന്ററി ഒന്നാം സെമസ്റ്റർ (2008 & 2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ VII) സെപ്റ്റംബർ 24 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിലും 2019 ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി, ജൂലൈയിൽ നടത്തിയ പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X) സെപ്റ്റംബർ 23 മുതൽ 26 വരെയുള്ള പ്രവൃത്തി ദിനങ്ങളിലും ഹാജരാകേണ്ടതാണ്. ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റും കരുതേണ്ടതാണ്.

### പരീക്ഷാഫീസ്

2019 ഒക്ടോബർ/നവംബർ മാസങ്ങളിൽ നടത്തുന്ന ഒന്നും മൂന്നും സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (രണ്ടു വർഷം) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബർ 1 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 9 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 15 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഒക്ടോബർ 11 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (2010 സ്കീം – മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയ്ക്ക് പിഴ കൂടാതെ സെപ്റ്റംബർ 24 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 27 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 30 വരെയും അപേക്ഷിക്കാം.

# പരീക്ഷാഫലം

2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്.സി ബോട്ടണി ആന്റ് ബയോടെക്നോളജി (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2016, 2015, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 26 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
20.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**